പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: T *4182

16.12.2014-ൽ മറുപടിക്ക്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, സി. മോയിൻ കുട്ടി<br>,, കെ. എൻ. എ. ഖാദർ: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതകേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സഹായം നല്കുന്നതിനുള്ള പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ; | (എ) ഈ വിഭാഗത്തിനു മാത്രമായി പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ ഭവന നിർമ്മാണ വകുപ്പിൽ നിലവിലില്ല. സ്വന്തമായി ഭൂമി ലഭ്യമായുള്ളവർക്ക് ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നതാണ്. |
| (ബി) നിലവിൽ സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിൽ ഏതെല്ലാം ഭവന പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്നും, ഓരോ പദ്ധതിയുടെയും സവിശേഷതകളും വ്യക്തമാക്കുമോ; | (ബി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) ഭൂരഹിതകേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്കു മാത്രമായി ഒരു പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനും, സംസ്ഥാനത്തു നടപ്പാക്കുന്ന എല്ലാ ഭവന നിർമ്മാണ പദ്ധതികളുടെയും നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിന് ഒരു ഏജൻസിയെ ചുമതലപ്പെടുത്തുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | (സി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ